# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 8163 17.07.2014 - ൽ മറുപടിക്ക്

## വാട്ടർ അതോറിറ്റിയുടെ പ്രവർത്തനക്ഷമത

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അൻവർ സാദത്ത്<br>ശ്രീ. പാലോട് രവി<br>ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. എം.പി.വിൻസെന്റ് | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് വാട്ടർ അതോറിറ്റി പുതിയ മോട്ടോറുകളും പമ്പുകളും സ്ഥാപിക്കുന്നതിന് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) 15 വർഷത്തിൽ കൂടുതൽ പഴക്കമുള്ള പമ്പു സെറ്റുകൾ മാറ്റി പുതിയ, ഊർജ്ജ സംരക്ഷണത്തിന് മുൻതൂക്കം നൽകുന്ന പ്രവർത്തനക്ഷമത കൂടിയ പമ്പു സെറ്റുകളും അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കാൻ നബാർഡിൽ നിന്നും 2898.32 ലക്ഷം രൂപയും കേരള സർക്കാറിൽ നിന്നും 511.47 ലക്ഷം രൂപയും ജല അതോറിറ്റിയ്ക്ക് അനുവദിക്കുകയുണ്ടായി. ഈ പദ്ധതിയിൽ 385 പുതിയ പമ്പു സെറ്റുകൾ സ്ഥാപിക്കുകയും 191 പമ്പു സെറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ നടന്നു വരികയുമാണ്. |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിച്ചത് വിശദാംശങ്ങൾ നൽകുമോ ; | (ബി)<br>• പഴയ പമ്പു സെറ്റുകൾ മുഖേന ഉണ്ടായിരുന്ന റിപ്പയറിംഗ് ചിലവുകൾ കുറഞ്ഞിട്ടുണ്ട്.<br>• വൈദ്യുതി ഉപഭോഗം കുറയുക വഴി വൈദ്യുതി ബില്ല് തുക കുറഞ്ഞിട്ടുണ്ട്.<br>• പഴയ പമ്പു സെറ്റുകൾ മുഖേന ഉണ്ടായിരുന്ന തടസ്സങ്ങൾ ഇല്ലാതെ അധിക ജലം വിതരണം ചെയ്യാൻ കഴിയുന്നു.<br>• പൊതുവേ ജല വിതരണത്തിന്റെ കാര്യക്ഷമത ഉയർത്താൻ കഴിഞ്ഞിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | വാട്ടർ അതോറിറ്റിയുടെ പ്രവർത്തനക്ഷമത ഇതുമൂലം എത്രത്തോളം വർദ്ധിച്ചിട്ടുണ്ട്; വിശദമാക്കുമോ; | (സി) | തടസ്സരഹിതമായ ജല വിതരണം വഴി വാട്ടർ അതോറിറ്റിയുടെ കാര്യക്ഷമതയും വരുമാനവും ഉയർത്താൻ കഴിഞ്ഞിട്ടുണ്ട്. |
| (ഡി) | ഇതിനായി ഭരണതലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ? | (ഡി) | 15 വർഷത്തിൽ കൂടുതൽ പഴക്കമുള്ള പമ്പു സെറ്റുകൾ മാറ്റി പുതിയ, ഊർജ്ജ സംരക്ഷണത്തിന് മുൻതൂക്കം നൽകുന്ന പ്രവർത്തന ക്ഷമത കൂടിയ പമ്പു സെറ്റുകളും അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കാൻ നടപടികൾ എടുത്തു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ